## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 576 — 26.04.2017-ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകളിലെ കടാശ്വാസം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. പി.വി. അൻവർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ ബാങ്കുകളിലെ എല്ലാതരം വായ്പകൾക്കും കടാശ്വാസം അനുവദിക്കാനാവുമോ; വിശദമാക്കുമോ; | (എ) | സഹകരണ ബാങ്കുകളിലെ എല്ലാതരം വായ്പകൾക്കും കടാശ്വാസം അനുവദിക്കുന്നതിന് വ്യവസ്ഥയില്ല.<br><br>സഹകരണ സംഘങ്ങൾ, ബാങ്കുകൾ എന്നിവയിൽ നിന്നും കർഷകർ എടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. കേരള കർഷക കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന അവാർഡ് പ്രകാരമാണ് സർക്കാർ കടാശ്വാസം അനുവദിക്കുന്നത്.<br><br>സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും പട്ടികജാതി വിഭാഗക്കാർ എടുത്തിട്ടുള്ളതും 31.03.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ 50,000/- രൂപ വരെയുള്ള വായ്പകൾക്കും, 31.03.2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായ 1 ലക്ഷംരൂപ വരെയുള്ള വായ്പകൾക്കും കടാശ്വാസം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. പട്ടികവർഗ്ഗ വിഭാഗക്കാർ എടുത്തിട്ടുള്ളതും, 01.04.2006 മുതൽ 31.03.2014 വരെ കുടിശ്ശികയായിട്ടുള്ളതുമായ 1 ലക്ഷംരൂപ വരെയുള്ള വായ്പകൾക്കും കടാശ്വാസം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. പ്രസ്തുത കടാശ്വാസം അനുവദിക്കുന്നതിനുള്ള അപേക്ഷ, പട്ടികജാതി/പട്ടികവർഗ്ഗ കടാശ്വാസ കമ്മീഷനിലാണ് സമർപ്പിക്കേണ്ടത്. |

| | | | |
|---|---|---|---|
| | | | സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പകൾക്ക്, മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മുഖേന കടാശ്വാസം അനുവദിക്കുന്ന പദ്ധതിയും നിലവിലുണ്ട്. |
| (ബി) | പ്രസ്തുത ബാങ്കുകളിലെ വായ്പകൾ തിരിച്ചടയ്ക്കാൻ സാധിക്കാതെ ജപ്തി ഭീഷണി നേരിടുന്നവരെക്കൂടി റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി സഹായിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | റിസ്ക് ഫണ്ട് പദ്ധതി വ്യത്യസ്തമായ സ്കീമായതിനാൽ ഇവ തമ്മിൽ യോജിപ്പിക്കുക പ്രായോഗികമല്ല. |

സെക്ഷൻ ഓഫീസർ